മാതൃഭൂമി

11 May 1977

# ചെമ്മീൻ കൃഷിക്ക് പരിശീലനം

സ്റ്റാഫ് റിപ്പോർട്ടർ

കൊച്ചി മേ 10

ചെമ്മീൻ പെയ്ത്തെന്നും ചെമ്മീൻ കൊയ്ത്തെന്നും ഉള്ള പ്രയോഗങ്ങൾ നമുക്ക് പരിചിതമാണ്. കൃഷി കൂടാതെയുള്ള കൊയ്ത്തായിരുന്നു ഇതുവരെ നടന്നതെങ്കിൽ, കൃഷി ചെയ്തുള്ള കൊയ്ത്താണ് ഇനി നടക്കാൻപോകുന്നത്. മറ്റു കാർഷിക മേഖലയിലെന്നപോലെ കൃഷിയുടെ മേന്മയനുസരിച്ചിരിക്കും കൊയ്ത്തിൽ നിന്നുള്ള നേട്ടം.

ചെമ്മീൻകൃഷിയുടെ സാങ്കേതിക വശങ്ങൾ സാധാരണക്കാരായ മീൻപിടുത്തക്കാർക്ക് മനസ്സിലാക്കിക്കൊടുക്കുകയും അതു നിത്യജീവിതത്തിൽ ആവിഷ്കരിക്കുകയും ചെയ്യുന്നതിനുള്ള ഒരു സംരംഭം സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചുകഴിഞ്ഞു. ഇതു് കൂടുതൽ ഫലവത്താക്കാനായിട്ടാണ് വിവിധ സംസ്ഥാനങ്ങളിൽ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ തുറന്നതു്. കേരളത്തിൽ ഇത്തരത്തിൽപ്പെട്ട ആദ്യത്തെ കേന്ദ്രം 1976 ഡിസംബറിൽ ഞാറയ്ക്കൽ സ്ഥാപിച്ചു.

ഏപ്രിൽ 11–ാംനു തെരഞ്ഞെടുക്കപ്പെട്ട 10 മീൻപിടുത്തക്കാർക്ക് അവിടെ പരിശീലനവും തുടങ്ങി. നാലാഴ്ച നീണ്ടുനിന്ന പ്രഥമ കോഴ്സിന്റെ സമാപനം ഇന്നു നടന്നു.

ഒരു പരിശീലകനായ വി.കെ. ഗോപിയുടെ അധ്യക്ഷതയിൽ കൂടിയ സമാപന യോഗത്തിൽ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ഉദ്ദേശത്തെയും ലക്ഷ്യത്തെയും പറ്റി സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. ഇ.ജി. സൈലസ് സംസാരിച്ചു.

ശാസ്ത്രജ്ഞന്മാരുടെ അറിവുകൾ റിസർച്ച് ജേർണലുകളിൽ മാത്രം ഒതുങ്ങിനിന്നതുകൊണ്ടു പ്രയോജനമില്ല; ശാസ്ത്രം സാധാരണക്കാരനിലേയ്ക്കിറങ്ങിച്ചെല്ലണമെന്നും അവർക്കതുകൊണ്ടു പ്രയോജനമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. പ്രവൃത്തിയിൽ കൂടിയുള്ള പഠനമാണ് കൃഷിവിജ്ഞാനകേന്ദ്രത്തിൽ നടക്കുന്നതു്. അതിനാൽ കൃഷിക്കാരനിലേയ്ക്കു് തൽസംബന്ധമായ വിജ്ഞാനം നേരിട്ടെത്തുന്നു.

കേരളത്തിലും പശ്ചിമ ബംഗാളിലും പ്രാകൃതരീതിയിലുള്ള 'ചെമ്മീൻകെട്ട്' പരമ്പരാഗതമായി നിലനിൽക്കുന്നുണ്ട്. ശാസ്ത്രീയമായ രീതിയിൽ ഇതു കൈകാര്യം ചെയ്താൽ ഉല്പാദനം വളരെയേറെ വർദ്ധിപ്പിക്കാമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചെമ്മീനോടൊപ്പം തന്നെ കരിമീനും പൂമീനും വളർത്താൻ കഴിയും. ഇവ ചെമ്മീൻ കുഞ്ഞുങ്ങളെ ആഹരിക്കാറില്ല.

ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനെക്കുറിച്ച് ഇതുവരെ കാര്യമായി പഠിക്കപ്പെട്ടിട്ടില്ല. ഗവൺമെണ്ട് ഇപ്പോൾ അതിലേയ്ക്ക് ശ്രദ്ധതിരിച്ചിരിക്കുകയാണെന്ന് കേരളാ ഫിഷറീസ് ജോയിന്റ് ഡയറക്ടർ കുമാരദാസ് പറഞ്ഞു. ഉൾനാടുകളിൽ കുളങ്ങളും തോടുകളും മറ്റുമായി 3,500 ഹെക്ടറോളം സ്ഥലം മീൻ വളർത്തലിനു പറ്റിയതായുണ്ടെന്ന് അദ്ദേഹം പറഞ്ഞു. നാട്ടിൻപുറത്തുള്ളവർക്ക് ഇതു നല്ലൊരു ആദായമാർഗ്ഗമാക്കിയെടുക്കാം. ശാസ്ത്രീയമായി ചെമ്മീൻകൃഷി ചെയ്താൽ ഒരു ഹെക്ടറിൽ നിന്ന് 18,000 ക. വരെ മിച്ചമുണ്ടാക്കാൻ കഴിയുമെന്ന് അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്.

മുട്ട വിരിയുന്നതു മുതൽ 5 മാസംകൊണ്ട് ചെമ്മീൻ പൂർണ്ണ വളർച്ചയെത്തും. പുഴയിൽ നിന്നും തോടുകളിൽ നിന്നും കായലിൽ നിന്നും കടലിൽ നിന്നുമൊക്കെ എത്ര ചെമ്മീൻകുഞ്ഞുങ്ങളെ വേണമെങ്കിലും നിഷ്പ്രയാസം ശേഖരിക്കാം. അതിനുള്ള സാങ്കേതിക മാർഗ്ഗം അറിഞ്ഞിരിക്കണമെന്നു മാത്രം.

'ഞങ്ങളൊക്കെ ഇപ്പോൾ ചെമ്മീൻ ഡോക്ടർമാരായിരിക്കുകയാണ്' കോഴ്സിൽ പരിശീലനം കഴിച്ച മോഹൻ പറഞ്ഞു. ചെമ്മീനു വരുന്ന രോഗങ്ങളെക്കുറിച്ചും രോഗ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് പരിശീലകർക്ക് അത്യാവശ്യം വേണ്ട അറിവ് നൽകുന്നുണ്ട്. ''തലമുറകളായി മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒരു കുടുംബത്തിലെ അംഗമാണ് ഞാൻ'' മോഹൻ തുടർന്നു: ''എന്തൊക്കെയാണിവർ പഠിപ്പിക്കാൻ പോകുന്നതെന്ന് എനിക്കറിയാമെന്ന ഭാവിച്ചാണിവിടെ എത്തിയതെങ്കിലും കോഴ്സ് തുടങ്ങി കഴിഞ്ഞപ്പോൾ മത്സ്യകൃഷിയെപ്പറ്റിയും മത്സ്യം പിടുത്തത്തെപ്പറ്റിയും എനിക്കുണ്ടായിരുന്ന ധാരണകളൊക്കെ തെറ്റാണെന്നു ബോധ്യമായി.''

ചെമ്മീൻ വളർത്തലിനു സ്വന്തമായി സ്ഥലമില്ലാത്തവരേയും മറ്റും ചെമ്മീൻ വ്യവസായികൾ സഹായിക്കണമെന്ന് മോഹൻ ആവശ്യപ്പെട്ടു. പരിശീലനം കഴിച്ചവർക്ക് തൊഴിലില്ലായ്മ അനുഭവിക്കേണ്ടിവരികയില്ലെന്ന് ഡോ. സൈലാസ് പറയുകയുമുണ്ടായി.

കോഴ്സിന്റെ സംഘാടകനായ ഡോ. ബാലകൃഷ്ണൻ സ്വാഗതവും പരിശീലകനായ എൻ.എൻ. സുകുമാരൻ കൃതജ്ഞതയും പറഞ്ഞു.